**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6070** **10.7.2012-ൽ മറുപടിക്ക്**

**എ.ഡി.ബി. വായ്പാ സഹായത്തോടെ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മുനിസിപ്പാലിറ്റികളുമായും കോർപ്പറേഷനുകളുമായും ബന്ധപ്പെട്ട് എ.ഡി.ബി. വായ്പാ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; | എ) കേരള സുസ്ഥിര നഗരവികസന പദ്ധതി-കെ.എൽ.എസ്.ജി.ഡി.പി പദ്ധതി. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ എഡിബി വായ്പാ സഹായത്തോടെ കെ.എസ്.യു.ഡി.പി വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. നഗരറോഡ് പുനരുദ്ധാരണം (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകളിൽ.<br>2. ഖരമാലിന്യ നിർമ്മാർജനം (കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകളിൽ.<br>3. സിവറേജ്/സാനിട്ടേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകളിൽ.<br>4. ജലവിതരണ പദ്ധതികൾ (കൊല്ലം, കൊച്ചി, തൃശൂർ) കോർപ്പറേഷനുകളിൽ<br>5. സ്റ്റോംവാട്ടർ ഡ്രെയിനേജ് മഴവെള്ള നിർമ്മാർജ്ജന പദ്ധതി (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകളിൽ.<br>6. നഗരസാമൂഹ്യവികസന പദ്ധതികൾ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകളിൽ. |
| ബി) ഈ പദ്ധതിയുടെ നിർവ്വഹണ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | ബി) ഈ പദ്ധതിയുടെ വിലയിരുത്തൽ കോർപ്പറേഷൻ തലത്തിലും, സംസ്ഥാന തലത്തിലും കൂടാതെ എഡിബിയുടെ Tripartite Portfolio Review മീറ്റിംഗിലും നടത്താറുണ്ട്. |
| സി) സംസ്ഥാനത്ത് എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ എ.ഡി.ബി. സംഘം സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ; | സി) 2012 മാർച്ച് 14, 16 തീയതികളിൽ എ.ഡി.ബി. മിഷന്റെ അവലോകനത്തിൽ നാളിതുവരെയുള്ള പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. |
| ഡി) മുനിസിപ്പാലിറ്റികളുമായും കോർപ്പറേഷനുകളുമായും ബന്ധപ്പെട്ട് എ.ഡി.ബി. സഹായത്തോടെ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം ആവശ്യമെങ്കിൽ മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ